# നക്ഷത്രഫലം



ഫിബ്രവരി 28 മുതൽ മാർച്ച് 6 വരെ
കുംഭം 15 മുതൽ 21 വരെ.

ജ്യോത്സ്യർ:
കെ.കെ.എൻ.നമ്പൂതിരി.

☯ മേടക്കൂറ്:-

(അശ്വതി, ഭരണി, കാർത്തിക കാൽ)

തൊഴിലിൽ നിന്നുള്ള വരുമാനം വർദ്ധിക്കും. മാനസിക സന്തോഷം പകരുന്ന സന്ദേശം ലഭിക്കും. പ്രതിസന്ധികളിൽ സംയമനം പാലിക്കണം. കൂട്ടുകച്ചവടത്തിൽ നേട്ടം കുറയും. നഷ്ടപ്പെട്ടിരുന്ന പദവി തിരികെ ലഭിക്കും.

☯ എടവക്കൂറ്:-

(കാർത്തിക മുക്കാൽ, രോഹിണി, മകയിരം അര)

കായിക മൽസരങ്ങളിൽ വിജയം പ്രതീക്ഷിക്കാം. ബന്ധുക്കളുമായി അകന്ന് കഴിയേണ്ടിവരും. രോഗികൾ ചികിത്സയിൽ ശ്രദ്ധിക്കണം. കടം കൊടുത്ത പണം ഭാഗികമായി തിരിച്ച് കിട്ടും. നിർമ്മാണ പ്രവർത്തനങ്ങൾ സാവധാനത്തിൽ നീങ്ങും.

☯ മിഥുനക്കൂറ്:

(മകയിരം അര, തിരുവാതിര, പുണർതം മുക്കാൽ)

പഠനത്തിൽ അലസത ഒഴിവാക്കുക, സഹോദര സഹായം ലഭിക്കും. കുടുംബ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധിക്കാൻ കഴിയും. വിദേശത്ത് ജോലി ചെയ്യുന്നവരുടെ പ്രതിസന്ധിമാറും. ആരോഗ്യം തൃപ്തികരം.

☯ കർക്കടകക്കൂറ്:-

(പുണർതം കാൽ, പൂയ്യം, ആയില്ല്യം)

ജോലിയിൽ മുമ്പുണ്ടായിരുന്ന ഉത്സാഹം തിരിച്ച് കിട്ടും. നിശ്ചയിച്ച പ്രവർത്തികൾ ഭംഗിയായി നടക്കും. യുവതികളുടെ വിവാഹത്തിനുണ്ടായിരുന്ന തടസ്സം നീങ്ങും. പണയ വസ്തുക്കൾ തിരിച്ചെടുക്കാൻ ശ്രമിക്കണം. രഹസ്യ സമ്പാദ്യം വർദ്ധിക്കും.

☯ ചിങ്ങക്കൂറ്:-

(മകം, പൂരം, ഉത്രം കാൽ)

ആഘോഷച്ചെലവുകൾ ഉദ്ദേശിച്ചതിലും കൂടുതലാകും. വാഹനക്കൈമാറ്റം ഗുണകരം. പൊതുപ്രവർത്തനങ്ങളിൽ നിന്നും തൽക്കാലത്തേക്ക് മാറി നിൽക്കേണ്ടിവരും. വിലപിടിച്ച വസ്തുക്കൾ നഷ്ടപ്പെടാതിരിക്കാൻ ശ്രദ്ധിക്കണം. ഉയർന്ന ജോലിക്ക് വേണ്ടിയുള്ള ശ്രമം വിജയിക്കും.

☯ കന്നിക്കൂറ്:-

(ഉത്രം മുക്കാൽ, അത്തം, ചിത്രഅര)

പുതിയ വ്യാപാരത്തിൽ പുരോഗതിയുണ്ടാകും. കുടുംബാംഗങ്ങളുമായി ഒത്തുചേരാൻ അവസരമുണ്ടാകും. സഹപ്രവർത്തകരുമായി യോജിച്ച് പോകാൻ സാധിക്കും. നിശ്ചയിച്ച കാര്യങ്ങൾ നടത്താൻ പണം വായ്പ വാങ്ങേണ്ടിവരും. ജീവിത പങ്കാളിക്ക് ജോലി ലഭിക്കും.

☯ തുലാക്കൂറ്:-

(ചിത്ര അര, ചോതി, വിശാഖം മുക്കാൽ)

ആരോപണങ്ങളിൽ നിരപരാധിത്തം തെളിയിക്കാൻ സാധിക്കും. തൊഴിൽ അന്വേഷകർക്ക് ഈ വാരം ഗുണകരമല്ല. മുമ്പ് ചെയ്ത പ്രവർത്തികളിൽ നിന്നുള്ള ഫലം കിട്ടിത്തുടങ്ങും. ജോലി സ്ഥലം മാറണമെന്ന തോന്നലുണ്ടാകും. സന്താന സൗഖ്യം.

☯ വൃശ്ചികക്കൂറ്:-

(വിശാഖം കാൽ, അനിഴം, തൃക്കേട്ട.)

ജീവിത പങ്കാളിമൂലം നേട്ടം. ആദ്ധ്യാത്മിക പ്രവർത്തനങ്ങൾക്കായി കൂടുതൽ സമയം കണ്ടെത്തും. യാത്രകൾ ഫലപ്രദം. ഔദ്യോഗിക പദവി സംബന്ധിച്ച തർക്കങ്ങൾക്ക് പരിഹാരമാവും. പ്രായം ചെന്നവർ ആരോഗ്യകാര്യത്തിൽ ശ്രദ്ധിക്കണം.

☯ ധനുക്കൂറ്:-

(മൂലം, പൂരാടം, ഉത്രാടം കാൽ)

സാമ്പത്തികനില തൃപ്തികരമായി തുടരും. വാക്ക് പാലിക്കാൻ പ്രയാസപ്പെടും. മുൻ നിശ്ചപ്രകാരമുള്ള യാത്രകൾ മാറ്റിവെക്കേണ്ടിവരും. വ്യാപാര മേഖല വിപുലമാക്കാൻ കഴിയും. കുടുംബത്തിൽ മംഗള കർമ്മങ്ങൾ നടക്കും.

☯ മകരക്കൂറ്:-

(ഉത്രാടം മുക്കാൽ, തിരുവോണം, അവിട്ടം അര)

പഴയ സുഹൃദ്ബന്ധം കൊണ്ട് ഗുണമുണ്ടാകും. ശത്രുക്കളുടെ പ്രവർത്തികൾ കരുതിയിരിക്കണം. സ്വത്ത് വിൽക്കാനുള്ള ശ്രമം നീണ്ടുപോകും. ഗൃഹം മോടിപിടിപ്പിക്കും. സാമ്പത്തിക ഞെരുക്കം കുറഞ്ഞ് തുടങ്ങും.

☯ കുംഭക്കൂറ്:-

(അവിട്ടം അര, ചതയം, പൂരുട്ടാതി മുക്കാൽ)

വിദേശത്തുള്ള ജോലി സ്ഥലത്തേക്ക് തിരികെ പോകാൻ ചില തടസ്സങ്ങളുണ്ടാകും. ഏറ്റെടുത്ത പ്രവർത്തികൾ വേഗത്തിൽ തീർക്കാൻ ശ്രമിക്കണം. ഓഹരി ഇടപാടുകളിൽ നേട്ടം കുറയും. പ്രതീക്ഷിച്ച ധനസഹായം ഉടനെ ലഭിക്കും. കുടുംബത്തിൽ സന്തോഷം നിലനിൽക്കും.

☯ മീനക്കൂറ്:-

(പൂരുട്ടാതി കാൽ, ഉത്രട്ടാതി, രേവതി.)

ഭാവിയിലുണ്ടാകുന്ന നേട്ടം മുന്നിൽ കണ്ട് ചില പ്രവർത്തനങ്ങൾ നടത്തും. വാഹനങ്ങൾക്ക് റിപ്പേർ ആവശ്യമാകും. കൂട്ടുകച്ചവടത്തിലുണ്ടായിരുന്ന പ്രശ്നങ്ങൾ തീരും. ഭാഗ്യപരീക്ഷണങ്ങൾക്ക് ഈ വാരം ഗുണകരമല്ല. താൽക്കാലികമായി ലഭിച്ച ജോലി സ്ഥിരപ്പെടും.